സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

**കോവിഡ് 19 പ്രതിരോധ നടപടികൾ - തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ ഉത്സവങ്ങൾക്കും മറ്റ് ചടങ്ങുകൾക്കും രസീതുകൾ സീൽ ചെയ്ത് നൽകുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

ഉത്തരവ് നമ്പർ: **ROC 6687/21/NS** നന്തൻകോട് 06/01/2021

---

പരാമർശം :- 1) 21-03-2020 ലെ ROC 3701/20/Est-1 നമ്പർ ബോർഡുത്തരവ്.
2) 24-08-2020 ലെ ROC 6687/20/NS നമ്പർ ഉത്തരവ്.
3) 04-01-2021 ലെ ബോർഡ് തീരുമാനം.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾക്കും മറ്റ് ചടങ്ങുകൾക്കും പണപ്പിരിവ് നടത്തുന്നതിലേക്ക് ഉപദേശകസമിതികൾക്ക് ഉപയോഗിക്കുന്നതിനുള്ള രസീതുകൾ സീൽ ചെയ്ത് നൽകേണ്ടതില്ല എന്ന നിലവിലുള്ള ഉത്തരവ് (പരാമർശം -1)ഭേദഗതി ചെയ്യണമെന്ന ആവശ്യം നിരന്തരമായി ഉപദേശകസമിതികളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നു. നിലവിലുള്ള സാഹചര്യത്തിൽ നിയന്ത്രണങ്ങളോടു കൂടി ഉത്സവ ചടങ്ങുകൾ നടത്തുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. ഉത്സവങ്ങളോടനുബന്ധിച്ച് സ്റ്റേജ് ഷോകൾ നടത്തുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആവശ്യകത ബോദ്ധ്യപ്പെട്ട് മുൻകാലങ്ങളിലേതുപോലെ കൂപ്പണുകൾ സീൽ ചെയ്ത് നൽകുന്നതിന് അനുമതി നൽകി. ബോർഡുത്തരവാകുന്നു.

അപ്രകാരം സീൽ ചെയ്ത് നൽകുന്ന കൂപ്പണുകളുടെ തുക കണക്കാക്കി ആയതിന്റെ 5 % പരാമർശം 2 ഉത്തരവ് പ്രകാരം ദേവസ്വം ബോർഡിൽ അടയ്ക്കേണ്ടതാണെന്നും ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

(മറുപുറം)

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഇ.ഡി.പി. സെക്ഷൻ
3. മിനിറ്റ്സ് സെക്ഷൻ
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK